# കീടങ്ങളുടെ മിടുക്ക്

രണ്ടുദിവസംമുമ്പ് ഒരു സ്നേഹിതന്റെ വീട്ടിൽപോയി. ചെല്ലുമ്പോൾ അയാൾ മുററത്തിന്റെ വക്കത്ത് വെച്ചുപിടിപ്പിച്ചിട്ടുള്ള കുറെ ചെടികളുടെയിടയിൽ കുനിഞ്ഞിരിക്കുന്നു! എന്റെ കാലൊച്ച കേട്ടപ്പോൾ തലയുയർത്തി മുഖം വളരെ മ്ലാനം. കോപവും അമിത ഗൗരവവും പ്രകടമാണ്! അപൂർവ്വമായിട്ടേ, അയാളെ അങ്ങിനെ കണ്ടിട്ടുള്ളു! ആള് സരസനാണ്. ആരെയും ചിരിപ്പിക്കാനുള്ള വൈഭവമുണ്ട്. നേരമ്പോക്കുപറയാനും അതു കേട്ടാൽ ആസ്വദിച്ചു കുലുങ്ങിച്ചിരിക്കാനുമൊരു മടിയുമില്ലാത്തവൻ. ഇന്ന് എന്തേ ആള് ആകപ്പാടെ മാറിയിരിക്കുന്നു?

'ഇഷ്ടാ! എന്തുപററി?' എനിക്ക് ചിരിവന്നു.

'യേയ്! ഒന്നുമില്ല' എഴുന്നേറ്റുകൊണ്ട് അയാൾ പറഞ്ഞു. 'ഒരാഴ്ചയായി തൊടങ്ങീട്ട്! ഇതുങ്ങളെ ഒന്നൊതുക്കാൻ!' ചെടികളുടെ ചുവട്ടിലേയ്ക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട്, ഗൗരവം വിടാതെ സ്നേഹിതൻ നിന്നു, കയ്യിൽ ഡി ഡി റ്റി ഡപ്പിയും പിടിച്ച്!

അവിടേയ്ക്ക് ഞാൻ നോക്കി! കുറെ കടിയനുറുമ്പ്! നല്ല കൂട്ടം!

'ഓ! ഇത്രേയുള്ളോ!' എനിക്ക് ചിരിയടക്കാൻ പററിയില്ല.

'തനിക്ക് ചിരിക്കാം! പാട പെട്ടതും, പെടുന്നതും ഞാനല്ലെ?' ഞങ്ങൾ മുററത്തുനിന്ന് വീട്ടിലേയ്ക്ക് നടന്നു. 'ഞാനേതായാലും വിട്ടുകൊടുക്കാൻ പോകുന്നില്ല! ജയിച്ചാലും, തോററാലും ഇതു തുടരും!' ഡി ഡി ററി ഡപ്പി കാട്ടിക്കൊണ്ട് പറഞ്ഞു.

'തന്റെ കീടവിരുദ്ധസമരം നീണാൾ നടക്കട്ടെ' ഞങ്ങൾ അകത്ത് ഇരുന്നു.

'തോക്കാൻ എനിക്ക് സമ്മതമില്ല' രാഷ്ട്രീയക്കാരുടെ മട്ടിൽ അയാൾ പറഞ്ഞു.

'ശരി! അങ്ങനെയാവട്ടെ! പക്ഷെ, താൻമാത്രമല്ല, ആരും ഇന്നുവരെ ജയിച്ചിട്ടില്ല! ജയിച്ചെന്നു കരുതി പണിനിർത്തിയവർ പിന്നീടറിഞ്ഞു. ജയിച്ചില്ലെന്ന്''

ഞാൻ മനഃപൂർവ്വം വാശിപിടിപ്പിക്കാൻ പറഞ്ഞതായിരുന്നില്ല. കീടപ്രാണികൾക്കെതിരായ സമരം ഇന്നുമിന്നലെയും തുടങ്ങിയതല്ല. എന്നിട്ടും മനുഷ്യന് ഇതുവരെ നിർണ്ണായകമായ വിജയം നേടാൻ സാധിച്ചിട്ടില്ല. എന്നെങ്കിലും അതുണ്ടാകുമെന്ന ആത്മവിശ്വാസവും ഇന്നില്ല! അതാണ് അവസ്ഥ. സത്യം.


കീടപ്രാണികളെപ്പോലെ പ്രമാതം ഭൂതലത്തിൽ നേടിയിട്ടുള്ള മറെറാരു ജീവിയുമില്ല. ഏതാണ്ട് 3400 ലക്ഷം വർഷങ്ങൾക്കു മുമ്പ് ഇവിടെ കീടജീവികൾ ധാരാളമുണ്ടായിരുന്നു. മനുഷ്യനെന്ന ഒരു ഇരുകാലിമൃഗത്തെപ്പററി പ്രകൃതി സ്വപ്നംപോലും കാണാത്ത കാലങ്ങളിലും ഇവിടെ കീടജാതികളെത്രയാണ് പെരുകിയിരുന്നതും വ്യാപിച്ചിരുന്നതും!

ഇന്നത്തെ സ്ഥിതിയോ? ഭൂമിയിൽ ജീവിജാതികളിൽ ഏററവും വിപുലമായത് കീടജീവികളുടേതാണ്. മനുഷ്യന്റെ അറിവിൽ വന്നിട്ടുള്ള 800, 000 ജാതികളുണ്ട്! ഇനിയുമെത്രയോ ഉണ്ട് കണ്ടെത്താനും, പഠിക്കാനും, വർഗ്ഗീകരിച്ച് പേരിടാനും! ആണ്ടുതോറും ശരാശരി ആയിരത്തിലധികം പുതിയ ജാതികളെയാണ് ഗവേഷകരും പ്രകൃതിപ്രേമികളും കണ്ടെത്തിക്കൊണ്ടിരിക്കുന്നത്! ഒരു കീടശാസ്ത്രവിദഗ്ദ്ധന്റെ അഭിപ്രായമനുസരിച്ച് നൂറുലക്ഷം കീടജാതികൾ ഇവിടെ ഉണ്ടായിരിക്കും!

കീടജാതികളുടെ പ്രാതിനിധ്യമില്ലാത്ത ഒരു മേഖലയും ഭൂമിയിലില്ലെന്നുള്ളതാണ് സത്യം! 20,000 അടി ഉയരമുള്ള ഹിമാലയ ഗിരിശൃംഗങ്ങളിൽ കീടപ്രാണികളുണ്ട്. അവിടെ പാറയുടെ പൊടുക്കിലും, ഹിമവാഹിനികളിലുമൊക്കെ അറിവിൽ പെട്ടിട്ടുള്ള ജനങ്ങളെക്കാണാം. കൂടുതൽ ഇല്ലെന്നുകരുതാനും വയ്യ! മരവിച്ചുകിടക്കുന്ന ധ്രുവമേഖല, സമുദ്രം, കഠിനമായ മരുഭൂമി, അന്തരീക്ഷവായു-എന്നിവിടങ്ങളിലൊക്കെ പ്രയാസമില്ലാതെ കഴിയുന്നവയെത്രയാണ്!

കാർബോണിഫെറസ് (Carboniferous) യുഗത്തിലാണ് കീടപ്രാണികൾ ആദ്യമായി പ്രത്യക്ഷപ്പെട്ടുതുടങ്ങിയത്. ഏതാണ്ട് 3500ലക്ഷം വർഷങ്ങൾക്കു മുമ്പുള്ളതാണ് ഈ യുഗം! ഉഭയജീവികൾ, വൃക്ഷരൂപികളായ പന്നച്ചെടികൾ, ആദ്യകാല കീടപ്രാണികൾ-തുടങ്ങിയവ ഈ യുഗത്തിലാണ് ഭൂതലത്തിൽ പ്രത്യക്ഷപ്പെട്ടത്. അന്നത്തെ വൃക്ഷ

പാറ്റ (കൂറ) 3500 ലക്ഷംവർഷത്തെ പാരമ്പര്യമുള്ള ഒരു കീടജാതി



രൂപികളായ ഊക്കൻ പച്ചച്ചെടികൾ, ഭൂഗർഭത്തിലുണ്ട്, ദീർഘകാലത്തെ സമ്മർദ്ദത്തിനും മററും വിധേയമായി, ഇന്ന നമുക്കുകിട്ടുന്ന കൽക്കരിയായി പരിണമിക്കുകയുണ്ടായി. ഏതാണ്ട് 2250ലക്ഷം വർഷങ്ങൾക്കുമുമ്പ് അന്നത്തെ സസ്യ ജാതികളുടെ ഇടയിൽ പ്രതാപം പ്രതിഷ്ഠിക്കാൻ ഷട്പദ ജാതികൾക്ക് സാധിച്ചു!

നമ്മുടെ വീടുകളിൽ കുടിയുറപ്പിച്ചിരിക്കുന്ന പാററയുടെ (കൂറ) കാര്യമെടുക്കുക! അവയുടെ ആദി വർഗ്ഗം കാർബോണിഫെറസ് കാലത്തുണ്ടായിരുന്നതായി നമുക്കറിയാം. ഇന്നത്തേതിൽ ആറിരട്ടിയോളം വലിപ്പംവരുന്ന പാററകൾ! സങ്കൽപ്പിച്ചാൽപ്പോലും പലർക്കും ഭയംതോന്നാം. അവയുടെ പരമ്പരയിലെ ഇങ്ങേയററത്തുള്ള കൂട്ടരാണ് നമ്മുടെ വീടുകളിൽ കുടിയേറിക്കഴിയുന്നവർ. ഇത്ര ദീർഘകാലം പ്രതാപത്തിന് കോട്ടംതട്ടാതെ പാററ എങ്ങിനെ ഇവിടെ നിലനിന്നു. അതിൻെറ ജീവിതരീതികളും സവിശേഷതകളും മനസ്സിലാക്കിയാൽ, അൽഭുതമൊന്നും തോന്നാനിടയില്ല.

പാററാപ്പെട്ടിയെന്നു പറയാറുള്ള ഒരു കൊച്ചു സഞ്ചികണ്ടിട്ടില്ലേ? അതിൻെറ മുട്ട സഞ്ചിയാണത്. ഉദരഭാഗത്തിൽ ഒട്ടിച്ചുകൊണ്ടുനടക്കുന്ന ആ പാററാപെട്ടിയിൽ 30-40



പഴയീച്ചയുടെ തല- ഇരുവശങ്ങളിൽ മുഴച്ചുനിൽക്കുന്നത് കീർണ്ണാക്ഷികൾ

മുട്ടകാണും. ഒരു വൻപയർമണിയുടെ വലിപ്പമല്ലേയുള്ളു! ഭദ്രമായ സങ്കേതം കണ്ടാൽ അത് അവിടെ ഒട്ടിച്ചുവയ്ക്കും. പിന്നെ മാതാവിനുത്തരവാദിത്വമൊന്നുമില്ല. മുട്ട ഒന്നൊന്നായി വിരിയു

മ്പോൾ, കുഞ്ഞുങ്ങൾ ഒന്നൊന്നായി സഞ്ചിയിൽനിന്ന പുറത്തു

വരും. സ്വന്തംകാര്യംനോക്കാൻ സാമർത്ഥ്യമുള്ള കുട്ടികൾ! വളരുന്നു; വ്യാപിക്കുന്നു! തീറ്റക്കാര്യത്തിൽ യാതൊരു നിർബ്ബന്ധവുമില്ല. ഏതും രുചിച്ചുനോക്കും. ഇഷ്ടപ്പെട്ടാൽ ഒരുപങ്ക് അകത്താക്കും. മരത്തിൻെറ ഭാഗംമുതൽ ഉറങ്ങി

ക്കിടക്കുന്ന മനുഷ്യരുടെ നഖംവരെ തിന്നും. തടിയുടെ ഭാഗം അകത്തുചെന്നാൽ ദഹനത്തിനു സഹായിക്കാൻ ആഹാരനാളിയിൽ അത് സൂക്ഷ്മജീവികളെ കുടിയിരുത്തിയിട്ടുണ്ട്.

ഏതു ശത്രുവിനെയും വെട്ടിച്ച് രക്ഷതേടാനുള്ള പാററയുടെ വൈഭവമൊന്നു വേറെതന്നെ. നമ്മുടെ വീടുകളിൽകാണുന്ന പറ

ക്കാൻശേഷിയുള്ള പാററകളിൽ പലതും, അമേരിക്കയിൽനിന്ന് ഇവിടെ വന്നുകേറിയിട്ടുള്ള വർഗ്ഗമാണെന്നസത്യം അറിയാമോ? ഇങ്ങനെ ഓരോ കീടപ്രാണിയെപ്പററിയും എന്തൊക്കെയുണ്ടു പറയാൻ.

ഷട്പദങ്ങൾക്കുള്ളതുപോലെ ശത്രുക്കൾ മറെറാരു ജാതിക്കുമില്ല. അതിൻെറ ചുറ്റിലും ശത്രുക്കളുണ്ട്. കീടനാശിനികളുമായി നിൽക്കുന്ന മനുഷ്യനാണ് ഏററവും ഉഗ്രൻ. എന്നിട്ടും കുലനാശമൊന്നുമുണ്ടാകാതെ നിലനിൽക്കുക മാത്രമല്ല, വളരുകയും പെരുകുകയും വ്യാപിക്കുകയും ചെയ്യുകയാണ്. ഇതിൽക്കവിഞ്ഞൊരൽഭുതമുണ്ടോ?